പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ.എച്ച്.ദിനേശൻ ഐ.എ.എസ്)

വിഷയം:- പഞ്ചായത്ത് വകുപ്പ്:ഭരണജാഗ്രത - പത്തനംതിട്ട ജില്ല - റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലാർക്കായ ശ്രീ.വിഷ്ണു പ്രസാദിനെ സേവനത്തിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: 1 - അടൂർ പോലീസ് സ്റ്റേഷനിലെ 06.01.2019 തീയതിയിലെ 0135 നമ്പർ പ്രഥമ വിവര റിപ്പോർട്ട്

2 സർക്കാരിന്റെ 10.01.2019 ലെ നിർദ്ദേശം

<u>ഉത്തരവ് നമ്പർ: PAN/535/2019-D11(DP) തീയതി :11/01/2019</u>

പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.വിഷ്ണു പ്രസാദ്, ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ആഹ്വാനം ചെയ്യപ്പെട്ട ഹർത്താൽ ദിവസം, സംഘം ചേർന്ന് അടൂർ പെരിങ്ങനാട് വില്ലേജിലെ അമ്മകണ്ടകര എന്ന സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പ്രദേശവാസികളുടെ വീടുകൾ മാരകായുധങ്ങളുമായി ആക്രമിച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് ടിയാനെ രണ്ടാം പ്രതിയാക്കി അടൂർ പോലീസ് സ്റ്റേഷനിൽ 06.01.2019 ന് 135-ാം നമ്പരായി പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കി അടൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 1860 ലെ ഐ.പി.സി 143, 144, 147, 148, 506, 427, 323, 452, 149 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തതായി പരാമർശം (1) പ്രകാരം അറിയിച്ചിരിക്കുന്നു.

ടിയാന്റെ ഈ നടപടി ഗുരുതരമായ പെരുമാറ്റ ദൂഷ്യവും, ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഒരിക്കലും അനുവർത്തിക്കാൻ പാടില്ലാത്ത ക്രിമിനൽ കുറ്റവും, ആണ്. ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരിക്കേ ശ്രീ.വിഷ്ണു പ്രസാദ് അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ഒരു വധശ്രമക്കേസിൽ ഒന്നാം പ്രതിയായി അറസ്റ്റ് ചെയ്യപ്പെടുകയും, അടൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ടിയാനെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ഇപ്രകാരം നിരന്തരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ടിയാന്റെ പ്രവൃത്തി പൊതു സമൂഹത്തിൽ പഞ്ചായത്ത് വകുപ്പിന് അവമതിപ്പ് ഉണ്ടാക്കുന്നതും കേരള സർക്കാർ ജിവനക്കാരുടെ പെരുമാറ്റ ചട്ടം 67 (1),(2),72, 86 എന്നിവയുടെ ലംഘനവുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ.വിഷ്ണു പ്രസാദിനെ അച്ചടക്ക നടപടിക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ കേരള സർവ്വീസ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് ടിയാന് അർഹതയുണ്ടായിരിക്കുന്നതാണ്.

DINESHAN H
പഞ്ചായത്ത് ഡയറക്ടർ

ശ്രീ.വിഷ്ണു പ്രസാദ്
സീനിയർ ക്ലാർക്ക്
റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

പകർപ്പ്

1.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
(സസ്പെൻഷൻ ഉടൻ പ്രാബല്യത്തിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2.സെക്രട്ടറി, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്
3.സൂപ്രണ്ട്, എസ്റ്റാബിഷ്മെന്റ് സെക്ഷൻ
4. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signature valid

Digitally signed by HOSDURG DINESHAN
Date: 2019.01.11 1?:29:32 IST
Reason: Approved